പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *175 06.07.2015 -ൽ മറുപടിക്ക്

## പോലീസ് സേനയും ജനങ്ങളും തമ്മിലുള്ള അനുപാതം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. അൻവർ സാദത്ത്**<br>" ഷാഫി പറമ്പിൽ<br>" കെ. മുരളീധരൻ<br>" ബെന്നി ബെഹനാൻ | **രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| എ) പോലീസ് സേനയും ജനങ്ങളും തമ്മിൽ ആവശ്യമായ അനുപാതം നടപ്പാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മ പരിപാടികൾ വിശദമാക്കുമോ,<br><br>ബി) ഇതിനായി പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;<br><br>സി) സേനയുടെ അംഗബലം എത്ര ശതമാനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (എ)യും,(ബി)യും,(സി)യും,<br><br>15.02.2012 -ൽ കൂടിയ സംസ്ഥാന സുരക്ഷാ കമ്മീഷന്റെ യോഗത്തിൽ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കമ്മീഷൻ പരിശോധിക്കുകയും, കേരളത്തിലെ പോലീസ് - ജനസംഖ്യാനുപാതം 1:500 എന്ന നിരക്കിലെങ്കിലും വർദ്ധിപ്പിക്കേണ്ടതാണെന്ന് കണ്ടെത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് സേനയുടെ അംഗബലം പ്രതിവർഷം 5% വീതം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ